പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **5914** **07. 07. 2014** - ലെ മറുപടി

ഇറാഖിലെ മലയാളികളെ രക്ഷപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ആഭ്യന്തരയുദ്ധം കൊടുമ്പിരിക്കൊണ്ട ഇറാഖിൽ എത്ര മലയാളികൾ കുടുങ്ങിക്കിടപ്പുണ്ടെന്നാണ് വിവരം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കമോ; | (എ) ഇറാഖിൽ കുടുങ്ങിയിട്ടുള്ള മലയാളികളുടെ കൃത്യമായ എണ്ണം ലഭ്യമായിട്ടില്ല. എന്നാൽ നോർക്ക വകുപ്പ് ഏർപ്പെടുത്തിയ 24 മണിക്കൂർ ഹെൽപ് ലൈനിലൂടെ 284 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഇറാഖിൽ കുടുങ്ങിക്കിടക്കുന്ന മലയാളികളുടെ ബന്ധുക്കൾ അവരെ രക്ഷപ്പെടുത്താൻ നടപടി ആവശ്യപ്പെട്ട് സംസ്ഥാന സർക്കാരിന് നിവേദനങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത് ; വിശദാംശങ്ങൾ നൽകുമോ; | (ബി) ഉണ്ട്. വിദേശ രാജ്യങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങളിൽ സംസ്ഥാന സർക്കാരിന് നേരിട്ട് ഇടപെടുന്നതിന് പരിമിതികളുണ്ട്. ബന്ധപ്പെട്ട രാജ്യത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയവും കേന്ദ്ര വിദേശകാര്യമന്ത്രാലയവുമായി ബന്ധപ്പെട്ട് നടപടികൾ കൈക്കൊള്ളുകയാണ് സംസ്ഥാന സർക്കാരിന്റെ മുന്നിലുള്ള മാർഗ്ഗം. ഇറാഖിൽ ആഭ്യന്തര യുദ്ധം രൂക്ഷമായ സാഹചര്യത്തിൽ അവിടെയകപ്പെട്ട കേരളീയരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും അവരെ അടിയന്തിരമായി നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം ആദ്യം മുതൽ തന്നെ ബഹു. മുഖ്യമന്ത്രി കത്ത് മുഖേനയും ടെലിഫോണിലൂടെയും ബഹു. പ്രധാനമന്ത്രിയുടെയും ബഹു. വിദേശകാര്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ബാഗ്ദാദിലെ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ട് നോർക്ക വകുപ്പ് സ്ഥിതിഗതികൾ വിലയിരുത്തുകയും തുടർ നടപടി എന്ന നിലയിൽ 24 മണിക്കൂറും സജീവമായ ഹെൽപ് ലൈൻ സംവിധാനം നോർക്ക - റൂട്ട്സിൽ ഏർപ്പെടുത്തുകയും ചെയ്തു. ഇറാഖിലെ വിവിധ മേഖലകളിൽ കുടുങ്ങിക്കിടക്കുന്ന മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യക്കാരെ അടിയന്തിരമായി തിരികെയെത്തിക്കുന്നതിനും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ഇവരിൽ ആവശ്യമായ യാത്രാരേഖയില്ലാത്തവരുടെ രേഖകൾ അടിയന്തിരമായി ശരിയാക്കുന്നതിനും അവർക്ക് രാജ്യം വിടുന്നതിനുള്ള അനുമതി ഉൾപ്പെടെ ലഭ്യമാക്കി ആവശ്യമെങ്കിൽ പ്രത്യേക |

| | |
|---|---|
| | വിമാനം ഏർപ്പാട് ചെയ്ത് അവരെ നാട്ടിലെത്തിക്കുന്നതിനും അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുകൂടാതെ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല സംഘം ഡൽഹിയിൽ വിദേശകാര്യ മന്ത്രിയുമായും മറ്റ് ബന്ധപ്പെട്ടവരുമായും നിരന്തരമായി നടത്തിയ ചർച്ചകളുടേയും ഇടപെടലുകളുടേയും ഫലമായി 45 മലയാളി നഴ്സുമാരെ പ്രത്യേക വിമാനത്തിൽ ജൂലൈ 5 - ന് നാട്ടിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) മലയാളികളെ രക്ഷപ്പെടുത്താൻ കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ള എന്തെങ്കിലും നടപടികൾ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) ഇറാഖിൽ കുടുങ്ങിക്കിടക്കുന്ന മലയാളികൾ ഉൾപ്പെടെയുള്ളവരുമായി കേന്ദ്ര വിദേശകാര്യ മന്ത്രാലയം നിരന്തരം ബന്ധപ്പെട്ടുവരികയാണെന്നും യാത്രാരേഖകൾ ഇല്ലാത്തവർക്ക് എമർജൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് ബാഗ്ദാദ്, ബസ്ര, നജഫ്, കർബല എന്നിവിടങ്ങളിലെ ഇന്ത്യൻ എംബസി ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും രാജ്യം വിടാനാഗ്രഹിക്കുന്ന എല്ലാ ഇന്ത്യക്കാരുടെയും ഇമിഗ്രേഷൻ നടപടികൾ പൂർത്തിയാക്കി ഫ്ലൈറ്റ് ടിക്കറ്റ് നൽകി നാട്ടിലെത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി കഴിഞ്ഞതായും ആവശ്യമെങ്കിൽ പ്രത്യേക വിമാനം ഏർപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള അടിയന്തിര സാഹചര്യം നേരിടുന്നതിനുള്ള എല്ലാ സംവിധാനവും സജ്ജമാക്കിയിട്ടുണ്ടെന്നും വിദേശകാര്യ മന്ത്രാലയം സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ